ബേപ്പൂർ നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ

160 [1754] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(ബി) ഇപ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

(സി) ഈ പ്രൊപ്പോസലിൽ ബേപ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രൈമറി ഹെൽത്ത് സെന്ററുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) എത്ര ഹെൽത്ത് സെന്ററുകളെ "ബഹുദൂരം അതിവേഗം" പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഇ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ, ഒളവണ്ണ പി.എച്ച്.സി. കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യം പരിഗണിക്കാമോ?

ഉത്തരം

(എ) മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. അവ

1. പി.എച്ച്.സി. പുറത്തൂർ (മലപ്പുറം)

2. പി.എച്ച്.സി. കൊടുവള്ളി (കോഴിക്കോട്)

3. രാമറാവു മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രി നെടുങ്ങോലം (കൊല്ലം) എന്നിവയാണ്.

(ബി) ഓരോ വർഷവും കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന കാര്യട്ട അനുസരിച്ചാണ് പി.എച്ച്.സി. കളെ സി.എച്ച്.സി. കളായി ഉയർത്തുന്നത്. പത്താം പദ്ധതി കാലയളവിൽ സി.എച്ച്.സി. കാര്യട്ട 75 ആണ് നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു.

(സി) ബേപ്പൂർ മണ്ഡലത്തിലെ പി.എച്ച്.സി. ഒളവണ്ണ, പി.എച്ച്.സി. ചെറുവണ്ണൂർ എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി)&(ഇ) ആരോഗ്യ വകുപ്പിൽ 'ബഹുദൂരം അതിവേഗം' പദ്ധതിയിലൂടെ ഹെൽത്ത് സെന്ററുകളെ അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല.

ആരോഗ്യ വകുപ്പിനെതിരെയുള്ള കോടതി അലക്ഷ്യ കേസുകൾ

161 [1755] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly.

(എ) ആരോഗ്യ വകുപ്പിനെതിരെ എത്ര കോടതി അലക്ഷ്യ കേസുകൾ നിലവിലുണ്ട്;

(ബി) ഇത്രയും കേസുകൾ ഉണ്ടാകാൻ കാരണമെന്താണെന്നും ഇതിന് ഉത്തരവാദിയാരാണ് എന്നും അറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ 16 കോടതി അലക്ഷ്യ കേസ്സുകളും ഹോമിയോ മെഡിക്കൽ കോളേജ് വകുപ്പിനെതിരെ ഒരു കോടതി അലക്ഷ്യകേസ്സും നിലവിലുണ്ട്. കൂടാതെ സർക്കാർ പ്രതിയായി 4 കോടതി അലക്ഷ്യകേസുകളും നിലവിലുണ്ട്.

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള 46,000 ത്തോളം ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങളാണ് ഭൂരിപക്ഷം കോടതി അലക്ഷ്യ കേസുകൾക്കും കാരണം. കോടതി ഉത്തരവുകളിൽ ചിലത് ചട്ടപ്രകാരം നടപ്പിലാക്കുന്നതിന് തടസ്സമുള്ളതിനാൽ അതിനെതിരെ അപ്പീൽ ഫയൽ ചെയ്യാനും മറ്റും വന്ന കാലതാമസം, വകുപ്പിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനിടയിലുണ്ടാകുന്ന കാലതാമസം എന്നിവയാണ് കോടതി അലക്ഷ്യ കേസുകൾക്ക് കാരണം.

ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക്

162 [1759] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനം ലക്ഷ്യമാക്കി ഡോക്ടർ മുതൽ ഹോസ്പിറ്റൽ അറ്റൻഡർവരെയുള്ള ഓരോയിനത്തിലും എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ ഇനത്തിലും എത്ര തസ്തികകൾ വീതം ഒഴിഞ്ഞു കിടക്കുകയാണെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി)—(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അനുബന്ധം X

GPM. 2/542/2012.—25

LIBRARY ARCHIVES Kerala Legislative Assembly